# കർഷകർക്കായി വിള സംഭരണ കേന്ദ്രങ്ങൾ തുറക്കണമെന്ന് ഗവർണർ സദാശിവം

Malayala Manorama 28/12/18

**കർഷകർക്ക് സബ്സിഡിക്കൊപ്പം റോയൽറ്റിയും നടപ്പാക്കുമെന്നു മന്ത്രി സുനിൽകുമാർ**

**മനോരമ ലേഖകൻ**

തൃശൂർ ● കർഷകർക്ക് അവരുടെ വിളകൾ സൂക്ഷിക്കാൻ സംഭരണ കേന്ദ്രങ്ങൾ തുറക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കാൻ ഗവർണർ പങ്കുവച്ചത് ചെറുപ്പത്തിൽ അച്ഛനൊപ്പം ചന്തയിൽ മഞ്ഞൾ വിൽക്കാൻ പോയ കഥ. 'വൈഗ' കൃഷി ഉന്നതി മേള ഉദ്ഘാടനം ചെയ്യവേയാണ് ഗവർണർ പി.സദാശിവം കർഷകന്റെ മകനായും കർഷകനായും നേടിയെടുത്ത അനുഭവങ്ങൾ സദസിനോടു പങ്കുവച്ചത്.

മാർക്കറ്റിൽ മഞ്ഞളുമായി പോകുന്ന അച്ഛൻ കിട്ടിയ വിലയ്ക്ക് അതു വിറ്റുവരികയാണു ചെയ്തിരുന്നത്. വിളകൾ വില കിട്ടുന്ന കാലത്തേക്കു സൂക്ഷിക്കാൻ സംഭരണ കേന്ദ്രങ്ങളില്ലാത്തതാണ് എല്ലാ കർഷകരുടെയും പ്രശ്നം. അത്തരം കേന്ദ്രങ്ങൾ തുറക്കുന്നതു കർഷകരുടെ വരുമാന വർധനയ്ക്ക് നിർണായകമാണ്.

രാജ്ഭവനിലെ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്ന ജീവനക്കാരോട് അവരുടെ താമസസ്ഥലത്തിനു ചുറ്റും കൃഷി നടത്താൻ നിർദേശിച്ചതായും ഗവർണർ പറഞ്ഞു.

കാർഷിക സർവകലാശാലയും സർവകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളും സന്ദർശിക്കാൻ കർഷകർ തയാറാകണം. കാസർകോട്ട് കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം സന്ദർശിച്ച ശേഷം താൻ കൃഷിയിടത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയതായും ഗവർണർ പറഞ്ഞു.

കർഷകർക്ക് ഈ സർക്കാരിന്റെ കാലത്തു തന്നെ സബ്സിഡിക്കൊപ്പം റോയൽറ്റി നടപ്പാക്കുമെന്ന് അധ്യക്ഷത വഹിച്ച മന്ത്രി വി.എസ്.സുനിൽകുമാർ പറഞ്ഞു. റോയൽറ്റിയാണ് വേണ്ടതെന്ന് മന്ത്രി സി.രവീന്ദ്രനാഥ് പ്രസംഗത്തിൽ പറഞ്ഞതിന്റെ തുടർച്ചയായാണു സുനിൽകുമാർ ഇക്കാര്യം അറിയിച്ചത്.

കൃഷി ചെയ്യുന്ന ഭൂമിയുടെ തോതനുസരിച്ച് റോയൽറ്റി നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.



**മധുവിലും മധുരമീ ചിരിയല:** തൃശൂർ തേക്കിൻകാട് മൈതാനത്തു നടക്കുന്ന വൈഗ കൃഷി ഉന്നതി മേള ഉദ്ഘാടനം ചെയ്ത ഗവർണർ പി.സദാശിവത്തിനു പ്രദർശനത്തിൽ വച്ച തേൻകുപ്പി നൽകുന്ന മന്ത്രി വി.എസ്.സുനിൽ കുമാർ. ചിത്രം: മനോരമ